**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1422

06.03.2020 ൽ മറുപടിക്ക്.

## കുടുംബശ്രീ ശാക്തീകരണ നടപടികൾ

**ചോദ്യം**
ശ്രീ.സി. ദിവാകരൻ

**മറുപടി**
ശ്രീ. എ.സി.മൊയ്തീൻ
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുടുംബശ്രീയുടെ ശാക്തീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുടുംബശ്രീയുടെ ശാക്തീകരണത്തിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## കുടുംബശ്രീയുടെ ശാക്തീകരണത്തിനായി സ്വീകരിച്ച നടപടികൾ

കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എടുക്കുന്ന ബാങ്ക് വായ്പ 4% പലിശയ്ക്ക് ലഭ്യമാക്കി. കഴിഞ്ഞ 3 വർഷത്തിനിടയിൽ 10,994 കോടി രൂപയുടെ ബാങ്ക് വായ്പയാണ് അയൽക്കൂട്ടങ്ങൾക്ക് 4% പലിശ നിരക്കിൽ ലഭ്യമായത്. ഇതുകൂടാതെ സാമ്പത്തിക ശാക്തീകരണം സാധ്യമാക്കാനും കൊള്ളപ്പലിശക്കാരുടെ ചൂഷണം കുറയ്ക്കാനും ഡെബ്റ്റ് സ്വാപ്പിംഗ്, മുറ്റത്തെ മുല്ല തുടങ്ങിയ നൂതന ആശയങ്ങളും കുടുംബശ്രീ മുഖേന ആവിഷ്കരിച്ചു. കുടുംബശ്രീയിലൂടെയുള്ള ഉപജീവന പദ്ധതികൾക്ക് ഈ സർക്കാർ വലിയ പ്രാധാന്യമാണ് നൽകിയത്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 12,348 പുതിയ സൂക്ഷ്മ സംരംഭങ്ങൾ തുടങ്ങാനും 10,000 പുതിയ കൃഷി സംഘങ്ങൾ തുടങ്ങാനും സാധിച്ചിട്ടുണ്ട്. വനിതാ കൺസ്ട്രക്ഷൻ ടീമുകൾ, ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവ്സ്, ഹരിതകർമസേന, ഓർഗാനിക് ഫാമിങ്, എറൈസ്, എ.ബി.സി തുടങ്ങിയ നൂതന സംരംഭ സാധ്യതകൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിച്ചു.

സാമൂഹ്യ വികസന മേഖലയിലെ പുരോഗതിക്ക് നിർണായക പങ്കുവഹിക്കാൻ കുടുംബശ്രീക്ക് സാധിച്ചു. അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന അഗതിരഹിത കേരളം പദ്ധതിയിൽ 1,57,691 പേരും ഒറ്റയ്ക്ക് താമസിക്കുന്നവർക്ക് സേവനം നൽകുന്ന സ്നേഹിത കോളിങ്ബെൽ പദ്ധതിയിലൂടെ 62,645 പേർക്കും 88 പുതിയ ബഡ്സ് സ്ഥാപനങ്ങൾ തുടങ്ങിയതിലൂടെ 2600 കുട്ടികൾക്കും സമാശ്വാസം നൽകാൻ സാധിച്ചു. കുടുംബശ്രീയുടെ ബഡ്ജറ്റ് വിഹിതം 2015-16-ൽ പ്ലാൻ ഫണ്ട് 75 കോടി രൂപയിൽ നിന്നും 2020-21-ൽ 200 കോടിയിലേക്ക് ഉയർത്തിയിട്ടുണ്ട്. 2018-ലെ പ്രളയാനന്തരം, പ്രത്യേക ജീവനോപാധി വികസന പാക്കേജായി 2019-20-ൽ 75 കോടി രൂപയും 2020-21-ൽ 50 കോടി രൂപയും കുടംബശ്രീക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ റീബിൽഡ് കേരളയുടെ ഭാഗമായി ഉപജീവനത്തിനായി കുടുംബശ്രീക്കുവേണ്ടി 250 കോടി രൂപ പ്രത്യേകമായി നൽകാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ സംയോജനം സാധ്യമാക്കിക്കൊണ്ട് കുടുംബശ്രീക്ക് കൂടുതൽ ഫണ്ട് വകയിരുത്താനും സാധിച്ചിട്ടുണ്ട്.

അയൽക്കൂട്ടങ്ങളെയും സംഘടനാ സംവിധാനത്തെയും ശക്തിപ്പെടുത്താൻ കുടുംബശ്രീ സ്കൂൾ ഉൾപ്പെടെയുള്ള പരിശീലന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. എല്ലാ വാർഡിലും വയോജന അയൽക്കൂട്ടങ്ങൾ തുടങ്ങുക എന്ന ലക്ഷ്യം സാധ്യമാക്കി. കൂടാതെ ഗ്രാമങ്ങളിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ നടത്തുന്ന സാമ്പത്തിക ക്രയവിക്രയങ്ങൾ മുഴുവൻ ഡിജിറ്റലാക്കി കുടുംബശ്രീയെ കാലത്തിനൊത്തുയർത്താൻ സാധിച്ചു.

കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ 19 സംസ്ഥാനങ്ങളുമായി കരാറിൽ ഒപ്പിട്ടുകൊണ്ട് ഇന്ത്യയൊട്ടാകെ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനും ജെൻഡർ, ഡി.ഡി.യു.ജി.കെ.വൈ തുടങ്ങിയ പദ്ധതികളിൽ മറ്റ് സംസ്ഥാനങ്ങൾക്ക് പരിശീലനം നൽകുന്ന സംഘടനയായി കുടുംബശ്രീയെ മാറ്റാനും സാധിച്ചു. ദേശീയ തലത്തിൽ 15-ഓളം അവാർഡുകൾ കുടുംബശ്രീക്ക് ലഭിച്ചത് മികച്ച പദ്ധതി നിർവ്വഹണം നടപ്പിലാക്കുന്നതിന് കുടുംബശ്രീയെ പ്രാപ്തമാക്കിയതിന്റെ ഫലമായാണ്.

പി.എം.എ.വൈ ലൈഫ് പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 93 നഗരങ്ങളിൽ 1,11,252 വീടുകൾക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്ന് അനുമതി ലഭ്യമാക്കുകയും ഇതിൽ 88,024 വീടുകളുടെ നിർമ്മാണം തുടങ്ങുകയും 48,445 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ